# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2150** **05.05.2017-ൽ മറുപടിയ്ക്ക്**

## ചെങ്ങന്നൂരിലെ അലങ്കാര മത്സ്യഹാച്ചറി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) 2005-ൽ ചെങ്ങന്നൂരിന് അനുവദിച്ച അലങ്കാര മത്സ്യ ഹാച്ചറി സ്ഥാപിക്കുന്നതിൽ നേരിടുന്ന കാലതാമസം വിശദീകരിക്കുമോ; | എ) ജല ലഭ്യതയില്ലാത്തതാണ് ചെങ്ങന്നൂർ അലങ്കാര മത്സ്യ ഹാച്ചറി സ്ഥാപിക്കുന്നതിന് നേരിടുന്ന കാലതാമസത്തിനുകാരണം പദ്ധതിയുടെ 90% പ്രവർത്തനങ്ങളും പൂർത്തീകരിച്ചു. ഫിഷറീസ് വകുപ്പിന്റെ അധീനതയിൽ സ്ഥിതി ചെയ്യുന്ന 300 മീറ്റർ അകലെയുള്ള കിണറ്റിൽ നിന്നും തൊട്ടടുത്തുള്ള ചെങ്ങന്നൂർ മുൻസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള കോംപ്ലക്സിനു സമീപമുള്ള കിണറ്റിൽ നിന്നും ആണ് അലങ്കാര മത്സ്യഹാച്ചറി പ്രവർത്തനത്തിന് ജല സാധ്യത ക ണ്ടിരുന്നത്. എം.സി.റോഡ് ഇതിന്റെ ഇരുവശത്തുമുള്ള കോൺക്രീറ്റ് നടപ്പാത, ഓട, ചെങ്ങന്നൂർ, കോഴഞ്ചേരി റോഡ് എന്നിവ വെട്ടി പൊളിച്ച് പൈപ്പിട്ട് ജലം ലഭ്യമാക്കുന്നത് പ്രായോഗിക മല്ലാത്തതിനാൽ ഏറ്റവും അടുത്തുള്ള ചെങ്ങന്നൂർ നഗരസഭ ഉടമസ്ഥതയിലുള്ള കോപ്ലക്സിന് സമീപമുള്ള കിണറ്റിൽ നിന്നും ജലം എടുക്കുന്നതിന് രേഖാമൂലം നഗരസഭയ്ക്ക് അപേ ക്ഷ നൽകി. എന്നാൽ ജലം എടുക്കുന്നത് കോംപ്ലക്സിലെ ദൈനംദിന പ്രവർത്തനങ്ങൾക്ക് തടസ്സമാകുമെന്ന് നഗരസഭ അറിയിച്ചു. പ്രസ്തുത സാഹചര്യം കൊണ്ടാണ് ചെങ്ങന്നൂർ അലങ്കാര മത്സ്യ ഹാച്ചറി പ്രവർത്തിക്കുന്നതിന് കാലതാമസം നേരിടുന്നത്. |
| ബി) പ്രസ്തുത മത്സ്യ ഹാച്ചറി എന്ന് സ്ഥാപിക്കുമെന്ന് വ്യക്തമാക്കുമോ? | ബി) ചെങ്ങന്നൂർ നഗരസഭയുടെ അനുവാദം ലഭ്യമാക്കിയോ ഒരു കുഴൽ കിണർ സ്ഥാപിയ്ക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് ജലം ലഭ്യമാക്കിയോ അലങ്കാര മത്സ്യഹാച്ചറിയുടെ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കാൻ സാധിക്കും |

**സെക്ഷൻ ആഫീസർ**